**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5334** **05-07-2024 - ൽ മറുപടിയ്ക്ക്**

**നീറ്റ്-യു.ജി. പരീക്ഷ നടത്തിപ്പിൽ ഉണ്ടായ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.പി. സുമോദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ അധ്യയന വർഷത്തെ ബിരുദ-ബിരുദാനന്തര കോഴ്സുകളിലേയ്ക്ക് നടന്ന നീറ്റ്-യു.ജി. പരീക്ഷാ നടത്തിപ്പിൽ ഉണ്ടായ ക്രമക്കേടുകളെ തുടർന്ന് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലുമുണ്ടായ ആശങ്കയ്ക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നീറ്റ് യു.ജി പരീക്ഷ ക്രമക്കേടുമായി ബന്ധപ്പെട്ട് വാർത്തകൾ വന്നപ്പോൾ തന്നെ ഇതു സംബന്ധിച്ച് അടിയന്തിരമായി അന്വേഷണം നടത്തണമെന്നും പരീക്ഷയുടെ വിശ്വാസ്യത നിലനിർത്തി വിദ്യാർത്ഥികളുടെ ആശങ്കയ്ക്ക് പരിഹാരം കാണണമെന്നും ഭാവിയിലും സമാനമായ സംഭവങ്ങൾ ആവർത്തിക്കാതെയിരിക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കണമെന്നും കത്തുകളിലൂടെ യൂണിയൻ സർക്കാരിലെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവരോട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ടോ; | (ബി) | കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവർക്ക് കത്ത് അയച്ചിട്ടുണ്ട്. |
| (സി) | കുറ്റമറ്റ രീതിയിൽ സംസ്ഥാന സർക്കാരുകൾ നടത്തിയിരുന്ന മെഡിക്കൽ പ്രവേശന പരീക്ഷ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പരിഗണിയ്ക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ